അനുവദിച്ചിട്ടുണ്ട്. സ്മൃതിവനം പദ്ധതിക്ക് 180.44 ലക്ഷം രൂപ അനുവദിച്ചത് കോർപ്പസ് ഫണ്ടിൽനിന്നുമാണ്. വിദ്യാജ്യോതി പദ്ധതിയുടെ ഭാഗമായി 185000 പ്രൈമറി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിനായി 2000 രൂപ വീതം അനുവദിച്ചത് കോർപ്പസ് ഫണ്ടിൽനിന്നാണ്.

മിഷൻ 676 പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭരണാനുമതി പുറപ്പെടുവിച്ചതും പൂറപ്പെടുവിക്കാനുള്ളതുമായ എല്ലാ പദ്ധതികൾക്കും അവ നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് റീ അപ്രോപ്രിയേഷൻ മുഖേനയോ കോർപ്പസ് ഫണ്ടിൽ നിന്നോ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

റുബെല്ലാ വാക്സിനേഷൻ

17 (*377) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന റുബെല്ലാ വാക്സിനേഷൻ പരിപാടിയുടെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പരിപാടി മറ്റ് ഏതൊക്കെ സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടെന്ന് അറിയാമോ; ഇത് നടപ്പാക്കാനുള്ള തീരുമാനത്തിലെത്തിയത് ഏത് ഏജൻസിയുടെ നിർദ്ദേശ പ്രകാരമാണ്; എന്തൊക്കെ കാര്യങ്ങൾ പരിഗണിച്ചിരുന്നു; എത്ര തുക ഇതിനായി നീക്കിവച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) ആൺ-പെൺ ഭേദമെന്യേ സംസ്ഥാനത്തെ എല്ലാ ശിശുക്കൾക്കും നൽകി വരുന്ന എം.എം.ആർ. പ്രതിരോധ മരുന്ന് റുബെല്ലാ രോഗത്തിനുള്ള പ്രതിരോധത്തിന് കൂടിയുള്ളതാണെന്നും അത് ഫലപ്രദമാണെന്നും വ്യക്തമാക്കിയിട്ടുള്ള പശ്ചാത്തലത്തിൽ ഇപ്പോൾ നടപ്പാക്കുന്ന റുബെല്ലാ വാക്സിനേഷന്റെ പ്രസക്തിയും ഉദ്ദേശ്യവും വ്യക്തമാക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) റുബെല്ലാ എന്ന രോഗം ഗർഭിണികൾക്ക് വന്നാൽ ഗർഭസ്ഥശിശുവിന് വൈകല്യമുണ്ടാകാനുള്ള സാധ്യതയേറെയാണ്. ഇത് പ്രതിരോധിക്കുവാനായി റുബെല്ലാ വാക്സിൻ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സ്കൂൾ തലത്തിൽ 2013-2014 -ൽ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. 2013-14 വർഷം സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

എയ്ഡഡ് സ്കൂളുകളിൽ 9,10,11,12 എന്നീ ക്ലാസ്സുകളിൽ പഠിച്ചിരുന്ന 205000 (രണ്ടുലക്ഷത്തി അയ്യായിരം) പെൺകുട്ടികൾക്ക് റുബെല്ലാ വാക്സിൻ സാമൂഹ്യനീതി, വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നൽകിയിട്ടുണ്ട്. 2014-2015 ലും ഈ പദ്ധതി തുടരുന്നുണ്ട്.

(ബി) റുബെല്ലാ വാക്സിനേഷൻ പരിപാടി ഇപ്പോൾ ഏതൊക്കെ സംസ്ഥാനത്ത് നടപ്പാക്കുന്നു എന്നുള്ള വിവരം ലഭ്യമല്ല. സാമൂഹ്യനീതി, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് നടപ്പിലാക്കുന്ന സ്റ്റേറ്റ് ഇനിഷിയേറ്റീവ് ഓൺ ഡിസ്എബിലിറ്റീസ് എന്ന പദ്ധതിയുടെ വിദഗ്ധ സമിതിയുടെ നിർദ്ദേശപ്രകാരമാണ് ഇത് നടപ്പിലാക്കിയത്. വൈകല്യം തടയുക എന്ന ഉദ്ദേശത്തോടെയാണ് ഇത് നടപ്പിലാക്കിയത്. എം.എം.ആർ., റുബെല്ലാ എന്നീ വാക്സിനുകൾക്കും ഈ പരിപാടിയുടെ പ്രചരണത്തിനുമായി യഥാക്രമം 5,02,42,920 (അഞ്ചുകോടി രണ്ടുലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി ഇരുപത്) രൂപയും 30,00,39,180 (മുപ്പതുകോടി മുപ്പത്തി ഒമ്പതിനായിരത്തി നൂറ്റി എൺപത്) രൂപയും 1,92,00,000 (ഒരു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷം) രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) സ്റ്റേറ്റ് ഇനിഷിയേറ്റീവ് ഓൺ ഡിസ്എബിലിറ്റീസിന്റെ ഭാഗമായി 1 ½ വയസ്സുള്ള കുട്ടികൾക്ക് എം.എം.ആർ. വാക്സിനും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് റുബെല്ലാ വാക്സിനേഷനും 2013-2014 സാമ്പത്തിക വർഷം മുതലാണ് നൽകുവാൻ ആരംഭിച്ചത്. ആയതിനാൽ ഇപ്പോൾ റുബെല്ലാ വാക്സിനേഷൻ എടുക്കുന്ന കൗമാരപ്രായക്കാരായ പെൺകുട്ടികൾ അവരുടെ ചെറുപ്പത്തിൽ എം.എം.ആർ. വാക്സിനേഷൻ എടുക്കുന്ന പദ്ധതി നിലവിലില്ലാത്തതിനാൽ അത് എടുത്തിട്ടുണ്ടാവില്ല. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായാണ് കൗമാരപ്രായക്കാർക്ക് ഇപ്പോൾ റുബെല്ലാ വാക്സിനേഷൻ നൽകിവരുന്നത്. ഇനിയും 11 വർഷക്കാലത്തേയ്ക്കാണ് കൗമാരപ്രായക്കാർക്ക് ഇത്തരത്തിൽ റുബെല്ലാ വാക്സിനേഷൻ നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്.

അർബൻ സ്ലം ഹെൽത്ത് അപ്ലിഫ്റ്റ്മെന്റ് സ്കീം(USHUS)

18 (*378) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ സ്ലം ഹെൽത്ത് അപ്ലിഫ്റ്റ്മെന്റ് സ്കീം (USHUS)-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly